**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3511 19.10.2016 -ൽ മറുപടിക്ക്

## എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ സംവിധാനം

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.പി.ടി.തോമസ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** | |
| **എ)** | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ വിവരം കാലോചിതമായി പരിഷ്കരിക്കാറുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | **എ)** | ഉണ്ട്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാതെ ലാപ്സായ രജിസ്ട്രേഷനുകൾ, വകുപ്പ് മുഖാന്തിരം തൊഴിൽ ലഭിച്ചവരുടെ രജിസ്ട്രേഷനുകൾ, മറ്റ് തൊഴിൽ ലഭിച്ചവരുടെ രജിസ്ട്രേഷനുകൾ, ശിക്ഷ നടപടിയുടെ ഭാഗമായി റദ്ദായ രജിസ്ട്രേഷനുകൾ, വകുപ്പ് മുഖാന്തിരം ജോലി ലഭിക്കുകയും വിടുതൽ സർട്ടിഫിക്കറ്റ് യഥാസമയം ചേർക്കാതെ ലാപ്സായ രജിസ്ട്രേഷനുകൾ മുതലായവ ഒഴിവാക്കിയും ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ, രജിസ്ട്രേഷനോടൊപ്പം കൂട്ടിചേർക്കുന്ന ഫോൺ നമ്പർ, ഇ- മെയിൽ ഐ.ഡി. മുതലായ അടിസ്ഥാന വിവരങ്ങൾ പരിഗണിച്ചും എംപ്ലോയ്.മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ വിവരങ്ങൾ കാലോചിതമായി പരിഷ്കരിക്കാറുണ്ട്. |
| **ബി)** | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുകയും, തുടർന്ന് മറ്റ് തൊഴിലുകൾ ലഭിക്കുകയും ചെയ്യുന്നവരുടെ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ഒഴിവാക്കുന്നതിന് സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ? | **ബി)** | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുകയും വകുപ്പ് മുഖാന്തിരം സ്ഥിരനിയമനം ലഭിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങളും മറ്റ് ഏജൻസികൾ മുഖാന്തിരം സ്ഥിര നിയമനം ലഭിക്കുകയും ആയത് അറിയിക്കുന്ന മുറയ്ക്ക് ടി ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ഒഴിവാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ